**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 25, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

**സിദ്ധാർത്ഥൻ കാട്ടുങ്ങൽ, ജെ.എ. ചാക്കോ, ക്യാപ്റ്റൻ ലക്ഷമി സൈഗാൾ എന്നിവരുടെ നിര്യാണം**

മുൻ നിയമസഭാംഗങ്ങളായ സിദ്ധാർത്ഥൻ കാട്ടുങ്ങൽ, ജെ.എ. ചാക്കോ എന്നിവരുടേയും ക്യാപ്റ്റൻ ലക്ഷ്മി സൈഗാളിന്റേയും നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തരപ്രമേയം

### ബി.എസ്.എൻ.എൽ-ഉമായി ഉണ്ടാക്കിയ നിർമ്മാണക്കരാർ റദ്ദാക്കിയതു സംബന്ധിച്ച്

മി. സ്പീക്കർ: കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് സർവ്വകലാശാല കേന്ദ്ര സർക്കാരിന്റേയും നബാർഡിന്റേയും സഹായത്തോടെ നടപ്പാക്കുന്ന 165 കോടി രൂപ ചെലവ് വരുന്ന പ്രവൃത്തികളുടെ ആദ്യഘട്ട നിർമ്മാണ കരാർ റദ്ദാക്കുകയും പ്രോജക്ട് കൺസൾട്ടൻസിക്കുവേണ്ടിയുള്ള ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളുടെ എംപാനൽമെന്റ് നിലനിൽക്കെ കേന്ദ്ര വിജിലൻസ് കമ്മീഷണറുടെ ഗൈഡ്ലൈൻസിനും ടെണ്ടർ ക്വാളിഫിക്കേഷൻ വ്യവസ്ഥകൾക്കും വിരുദ്ധമായി കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്തുകയും ചെയ്തതിനെ തുടർന്നുളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി.എസ്. സുനിൽ കുമാർ, എസ്. ശർമ്മ, ജോസ് തെറ്റയിൽ, എ.എ.അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയ്ക്കുവേണ്ടി നബാർഡിന്റെ സഹായത്തോടെ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ.-നെ ഏൽപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം ഒപ്പുവച്ചിരുന്നു. എന്നാൽ ധാരണാപത്രം പരിശോധിച്ചതിൽ ഒരേ ഏജൻസിതന്നെ എസ്റ്റിമേറ്റ് എടുക്കുകയും അവർതന്നെ പദ്ധതി നടപ്പിലാക്കുകയും ബിൽ തയ്യാറാക്കുകയും ചെയ്യുന്നത്

വ്യവസ്ഥാപിത രീതികൾക്കും സർവ്വകലാശാലയുടെ താൽപര്യങ്ങൾക്കും വിരുദ്ധമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രത്തിനെ ത്തുടർന്നുള്ള കരാർ ഒപ്പിടേണ്ടതില്ലെന്ന് തീരുമാനിക്കുകയും വിവരം ബി.എസ്.എൻ.എൽ.-നെ അറിയിക്കുകയും ചെയ്തു. അതോടൊപ്പം പുതിയ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ് വികസിപ്പിക്കേണ്ടത് ആവശ്യമെന്ന് വിലയി രുത്തിയതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പുതിയ കെട്ടിട ങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയെന്നതാണ് അഭിലഷണീ യമെന്ന് തീരുമാനിക്കുകയും നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റംവരുത്തി അപേക്ഷ ക്ഷണിക്കുകയും ചെയ്തു. നേരത്തെ ലഭിച്ച അപേക്ഷകളും മാനദ ണ്ഡങ്ങൾ പുതുക്കിയശേഷം ലഭിച്ച അപേക്ഷകളും ചേർത്ത് പരിഗണി ച്ചതിനുശേഷം സർവ്വകലാശാലയുടെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതുസംബന്ധിച്ചുള്ള തീരുമാനം എടുക്കുന്നതായിരിക്കും.

ശ്രീ. വി.എസ്. സുനിൽ കുമാർ: വെറ്ററിനറി സർവ്വകലാശാലയിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ നിന്നും ബി.എസ്.എൻ.എൽ-നെ ഒഴിവാക്കിയതിലൂടെ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ നടന്നിരിക്കു കയാണ്. കേന്ദ്ര സർക്കാരിന്റേയും നബാർഡിന്റേയും ധനസഹായം 2011-ൽ ലഭ്യമായിട്ടും അത് വിനിയോഗിക്കുന്നതിനായി നാളിതുവരെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. 2011-ൽ സി.പി.ഡബ്ല്യു.ഡി.യെ പദ്ധതിയുമായി ബന്ധപ്പെട്ട കൺസ്ട്രക്ഷൻ ഏജൻസിയായി തീരുമാനിക്കുകയും കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട എല്ലാ നോംസുകളും അംഗീകരിച്ചുകൊണ്ട് സംസ്ഥാനം മുന്നോട്ടുപോകുകയും ചെയ്തു. കൺസൾട്ടൻസിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് അനുയോജ്യമായ പ്രൊഫഷണൽ ആയിട്ടുള്ള

ആർക്കിടെക്റ്റുകൾക്കുവേണ്ടി യൂണിവേഴ്സിറ്റി പ്രധാനപ്പെട്ട കണ്ടീഷനുകൾ വച്ചുകൊണ്ട് വ്യക്തമായ നിലയിൽ ഇ.ഒ.ഐ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ എംപാനൽമെന്റിനുവേണ്ടി 25 കമ്പനികൾ വന്നതിൽ റെപ്യൂട്ടഡായിട്ടുള്ള 15 കമ്പനികളുടെ ലിസ്റ്റ് യൂണിവേഴ്സിറ്റിയുടെ കയ്യിലിരിക്കുമ്പോഴാണ് സി.പി.ഡബ്ള്യു.ഡി.യുമായി ഉണ്ടാക്കിയിരിക്കുന്ന കരാർ വ്യവസ്ഥകളെല്ലാം അതേരീതിയിൽ പാലിച്ചുകൊണ്ട് ഈ വർക്കുകൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എസ്.എൻ.എൽ-നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തത്. എന്നാൽ ഒരേ ഏജൻസിതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പദ്ധതി തയ്യാറാക്കുന്നതും ഇതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങൾ ഏറ്റെടുക്കുന്നതും സർവ്വകലാശാലയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം പറഞ്ഞ് ഇപ്പോൾ ബി.എസ്.എൻ.എൽ-നെ ഒഴിവാക്കിയ നടപടി ന്യായീകരിക്കാൻ കഴിയില്ല. ഈ പദ്ധതി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ ഫലമായി ഏകദേശം 42 കോടി രൂപയുടെ നഷ്ടം ഗവൺമെന്റിനുണ്ടായിരിക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ക്രമക്കേട് നടത്തി സർവ്വകലാശാലയുടെ സ്വയംഭരണാവകാശത്തെ ഹനിക്കുന്ന ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ):</u> കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബി.എസ്.എൻ.എൽ.-ഉമായി എം.ഒ.യു ഒപ്പിട്ടെങ്കിലും കരാറിലെ വ്യവസ്ഥകൾ സർവ്വകലാശാലയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടതിനാൽ

കരാർ ഒപ്പിട്ടിട്ടില്ല. ഇതുസംബന്ധിച്ച് യാതൊരു അഴിമതിയും നടന്നിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ കിറ്റ്കോയാണ് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വകാര്യ കമ്പനികൾക്ക് ടെന്റർ കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. ഒരേ സ്ഥാപനം തന്നെ ഒരു പദ്ധതിയുടെ കൺസൾട്ടൻസിയാകുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പ്രവൃത്തി ചെയ്യുന്നതും പാടില്ലെന്ന കേന്ദ്ര വിജിലൻസ് കമ്മീഷണറുടെ നിർദ്ദേശമനുസരിച്ചാണ് ഗവൺമെന്റ് പ്രവർത്തിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബി.എസ്.എൻ.എൽ.-ഉമായി ഉണ്ടാക്കിയ കരാർ റദ്ദുചെയ്തശേഷം നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിച്ച് അപേക്ഷ ക്ഷണിച്ചത് ഒരു സ്വകാര്യ കമ്പനിക്ക് ഈ വർക്ക് നൽകാനാണെന്നാണ് അറിയുന്നത്. നിലവിലുള്ള മാനദണ്ഡങ്ങൾ മാറ്റിയത് ഗുരുതരമായ ക്രമക്കേടാണ്. ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാണോ എന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ കോൺട്രാക്ട് സംബന്ധിച്ച് ഒരു തീരുമാനവും എടുക്കാത്ത സാഹചര്യത്തിൽ ഈ അടിയന്തര പ്രമേയാവതരണ നോട്ടീസിനുതന്നെ പ്രസക്തിയില്ല. ഇതുവരെ ആരംഭിക്കാത്ത പണിയെക്കുറിച്ചും എടുക്കാത്ത തീരുമാനത്തെക്കുറിച്ചും അന്വേഷണം നടത്തുമെന്ന് പറഞ്ഞ് പരിഹാസ്യനാകാൻ ആഗ്രഹിക്കുന്നില്ല. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ നടത്തിയ പ്രസ്താവനയിൽ ഈ വിഷയം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം ഉന്നയിക്കുകയും വാക്കൗട്ട് നടത്തുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേൽ സർക്കാർ മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം നടുത്തളത്തിലേക്കിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 10.16-ന് നിറുത്തിവച്ച സഭ 10.55-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

## റൂളിംഗ്

### സഭാനടപടികൾ സുഗമമായി നടത്തുന്നതുസംബന്ധിച്ച്

മി. സ്പീക്കർ: സഭയിൽ ഉണ്ടായ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഭരണ പ്രതിപക്ഷ കക്ഷിനേതാക്കൾ എന്നിവരുമായി വെവ്വേറെ ചർച്ച നടത്തിയെങ്കിലും ഒരു മീറ്റിംഗ് പോയിന്റിലെത്താൻ കഴിഞ്ഞിട്ടില്ല. സഭാസമ്മേളനത്തിന്റെ അവസാന ദിവസമായ ഇന്ന് പ്രധാനപ്പെട്ട ബില്ലുകൾ ചർച്ച ചെയ്ത് പാസ്സാക്കേണ്ടതുണ്ട്. അതിനാൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും ക്യാൻസൽ ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്ന് അവതരിപ്പിക്കപ്പെടേണ്ട ശ്രദ്ധക്ഷണിക്കലുകളുടേയും സബ്മിഷനുകളുടേയും മറുപടി ബന്ധപ്പെട്ട മന്ത്രിമാർ അംഗങ്ങൾക്ക് കൊടുക്കണമെന്ന് ചെയർ നിർദ്ദേശിച്ചാൽ അങ്ങനെ ചെയ്യുന്നതാണ്.

മി. സ്പീക്കർ: അപ്രകാരം ചെയ്യാവുന്നതാണ്.

**<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**<u>റിപ്പോർട്ട് സമർപ്പണം</u>**

(1) I, XI എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടുകളിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി VI ന്റെ കരട് സ്പോർട്സ് നയം 2012 സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറും ഏഴും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**<u>സ്റ്റാറ്റ്യൂട്ടറി പ്രമേയം</u>**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി.എസ്. ശിവകുമാർ)</u>: 'ഭാരതത്തിന്റെ ഭരണഘടനയുടെ 252-ാം അനുഛേദം (1)-ാം ഖണ്ഡ പ്രകാരം കേരള നിയമസഭ 1995 ആഗസ്റ്റ് 8-ാം തീയതി പാസ്സാക്കിയ പ്രമേയം മുഖേന 1994-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ ആക്റ്റ് (1994-ലെ 42-ാം കേന്ദ്ര ആക്റ്റ്) സ്വീകരിച്ചിട്ടുള്ളതിനാലും ;

2011-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ (ഭേദഗതി) ബിൽ പാർലമെന്റ് പാസ്സാക്കുകയും 2011 സെപ്റ്റംബർ 27-ാം തീയതി പ്രസ്തുത ബില്ലിന് ഭാരതത്തിന്റെ രാഷ്ട്രപതി അനുമതി നൽകുകയും ചെയ്തിട്ടുള്ള തിനാലും ;

കേരള സംസ്ഥാനത്ത് പ്രസ്തുത ഭേദഗതി ആക്റ്റും സ്വീകരിക്കേണ്ടത് ആവശ്യവും യുക്തവുമാണെന്ന് ഈ നിയമസഭ കരുതുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയിലെ 252-ാം അനുഛേദം (1)-ാം ഖണ്ഡവും പ്രസ്തുത ആക്റ്റിലെ 1-ാം വകുപ്പിന്റെ (2) ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം 2011-ലെ മനുഷ്യ അവയവങ്ങളുടെ മാറ്റിവയ്ക്കൽ (ഭേദഗതി) ആക്റ്റ് (2011-ലെ 16-ാം കേന്ദ്ര ആക്റ്റ്) സ്വീകരിക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പും 1 (എ) ഭേദഗതിയും അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. വി.ഡി. സതീശൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**2-ാം വകുപ്പ്**

125, 126, 127, 128, 130, 138, 139, 141 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**3-ാം വകുപ്പ്**

142, 148, 152, 156, 158, 164, 166, 168, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**4-ാം വകുപ്പ്**

180, 181 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**<u>5-ാം വകുപ്പ്</u>**

183, 185, 187, 189, 192, 193, 196, 198 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**<u>6-ാം വകുപ്പ്</u>**

207, 208, 213, 214, 216, 218, 221, 222, 223, 224, 225, 228, 229, 231, 235, 236, 237, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

**<u>8-ാം വകുപ്പ്</u>**

Chief Minister (<u>Shri. Oommen Chandy</u>): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(245) In sub-clause (2) of clause 8 for the word “penalty” the word “fine” shall be substituted.

247, 248, 249, 252, 256, 257, 259, 261, 264, 271, 273, 274, 277, 280, 284, 286, 287, 288 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

**<u>9-ാം വകുപ്പ്</u>**

297-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**<u>11-ാം വകുപ്പ്</u>**

304-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

**<u>1-ാം വകുപ്പും പീഠികയും പേരും</u>**

109, 110, 113, 117, 119, 120, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഏറ്റവും പ്രധാനപ്പെട്ട ഈ ബിൽ എല്ലാവരുടേയും സഹകരണത്തോടുകൂടി പാസ്സാക്കണമെന്നാണ് ആഗ്രഹിച്ചത്. പ്രതിപക്ഷാംഗങ്ങളുടെ പരോക്ഷമായ പിന്തുണ ഈ ബില്ലിനുണ്ടെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. ഈ ബിൽ എത്രയുംവേഗം നടപ്പാക്കി ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2012-ലെ കേരള സംസ്ഥാന സേവനാവകാശ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (2) 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും)ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജന ക്കുറിപ്പും 1(എ) ഭേദഗതിയും അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. കെ. മുരളീധരൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാര മുള്ള 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെ ടുക്കലും കൈമാറ്റം ചെയ്യലും)ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും)ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

**10-ാം വകുപ്പ്**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(95) In clause 10 (2), the words “ of Payment” shall be deleted.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

**16-ാം വകുപ്പ്**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

In clause 16, for the words " Subsidiary corporation, and" , the words " subsidiary corporation or other agency of the Government, and" shall be substituted.

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

**29-ാം വകുപ്പ്**

100-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും)ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും)ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഓണത്തിനുമുമ്പ് ഖാദിക്കുള്ള റിബേറ്റ് റിലീസ് ചെയ്യാനും . കയർത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും മത്സ്യത്തൊഴിലാളികളുടെ ഹൗസിംഗിനും വകയിരുത്തിയ തുകയ്ക്കുപുറമെ പത്തുകോടി രൂപ വീതം അനുവദിക്കാനും നടപടി സ്വീകരിക്കുന്നതാണ്. കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷനും കാപ്പെക്സിനും അനുവദിച്ച അലോക്കേഷന്റെ പകുതി തുക ഉടൻ റിലീസ് ചെയ്യുന്നതാണ്. ഒരു ശതമാനമോ ഇരുപത്തിയയ്യായിരമോ ഏതാണ് കുറവ് ആ തുക കുടുംബ കരണങ്ങൾക്ക് രജിസ്ട്രേഷൻ ഫീസായി നിജപ്പെടുത്താനും തീരുമാനമെടുത്തിട്ടുണ്ട്. ബിൽ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. .

2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. .

ബിൽ സഭ പാസ്സാക്കി.

**റൂളിംഗ്**

**10-07-2012-ലെ ക്രമപ്രശ്നം സംബന്ധിച്ച്**

മി. സ്പീക്കർ: 2012 ജൂലായ് 10-ാം തീയതി വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിക്കവെ ശ്രീ. കെ. എം. ഷാജി ശ്രീ. പി. ശ്രീരാമകൃഷ്ണനെതിരെ ഒരു സ്വാശ്രയ കോളേജുമായി ബന്ധപ്പെട്ട് ചില ആരോപണങ്ങളുന്നയിക്കുകയും ശ്രീ. പി. ശ്രീരാമകൃഷ്ണൻ അത് നിഷേധിക്കുകയും ചെയ്തിരുന്നു. ഈ ചർച്ചയിൽ ഇടപെട്ട് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. ശ്രീരാമകൃഷ്ണനുകൂടി ബന്ധമുള്ള ഒരു സ്വാശ്രയകോളേജിന് അനുമതി കൊടുത്തുവെന്ന് പറയുകയുണ്ടായി. ഇതുസംബന്ധിച്ച രേഖകൾ പരിശോധിച്ച് ചെയർ തീരുമാനം സഭയെ അറിയിക്കുന്നതാണെന്ന് റൂൾ ചെയ്തിരുന്നു. ബന്ധപ്പെട്ട അംഗങ്ങൾ തങ്ങളുടെ ഭാഗം സ്ഥാപിക്കുന്ന

തിനായി നൽകിയ രേഖകൾ ചെയർ പരിശോധിച്ചു. പ്രവാസി ഇന്റർനാഷണൽ എഡ്യൂക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭരണസമിതിയിലും ഡയറക്ടർ ബോർഡിലും ശ്രീ. പി. ശ്രീരാമകൃഷ്ണൻ അംഗമല്ലെന്ന് രേഖകളിൽനിന്നും പ്രവാസി എൻജിനീയറിംഗ് കോളേജ് ആന്റ് റിസർച്ച് സെന്ററിന്റെ ചീഫ് പ്രമോട്ടറാണെന്ന് സ്ഥാപനത്തിന്റെ ബ്രോഷറിൽനിന്നും വെബ്സൈറ്റിന്റെ ഹോം പേജിൽനിന്നും മനസ്സിലാക്കുന്നു. പ്രവാസി ഇന്റർനാഷണൽ എഡ്യൂക്കേഷൻ ചാരിറ്റബിൾ ട്രസ്റ്റിന്റെ ചെയർമാൻ ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവരുടെ ഒരു അഡ്വൈസറായി പ്രവർത്തിക്കുകയാണെന്ന് സത്യവാങ്മൂലവും നൽകിയിട്ടുണ്ട്. ഇതിൽനിന്നും ശ്രീ. പി. ശ്രീരാമകൃഷ്ണൻ പ്രസ്തുത പ്രവാസി എൻജിനീയറിംഗ് കോളേജ് ആന്റ് റിസർച്ച് സെന്ററിന്റെ ഒരു പ്രൊമോട്ടർ മാത്രമാണെന്നും പ്രസ്തുത ട്രസ്റ്റിൽ അംഗമല്ലെന്നും ചെയർ അറിയിക്കുന്നു.

## അവകാശ ലംഘന പ്രശ്നങ്ങൾ

### (1) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ശ്രീ വി. ശിവൻകുട്ടി മുഖ്യമന്ത്രിക്കെതിരെയും ശ്രീ. പാലോട് രവി, ശ്രീ. എ.കെ. ബാലനെതിരെയും ശ്രീ. വി. ശിവൻകുട്ടി, നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിക്കെതിരെയും ശ്രീ. ജി. സുധാകരൻ, വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ.കെ.ബി. ഗണേഷ് കുമാറിനെതിരെയും ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ, ആരോഗ്യവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിനെതിരെയും നൽകിയ അവകാശ ലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിക്കുന്നു.

## (2) പരിഗണനയിലിരിക്കുന്നവ

മി. സ്പീക്കർ: ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശ ലംഘന നോട്ടീസുകൾ നിയമസഭാ ലൈബ്രറിയിൽ വയ്ക്കുന്നതും അംഗങ്ങൾക്ക് പരിശോധിക്കാവുന്നതുമാണ്.

## സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നതുസംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ.ഉമ്മൻ ചാണ്ടി): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

XIII-ാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. നിയമസഭാ സമ്മേളനം ദൃശ്യ-ശ്രവ്യ സംവിധാനം പരിഷ്ക്കരിച്ച ഹാളിലാണ് നടന്നത്. നിയമസഭാ നടപടികൾ പൂർണ്ണമായും വെബ്കാസ്റ്റ് ചെയ്യപ്പെടുന്നതോടൊപ്പം, ദൃശ്യങ്ങൾ ആവശ്യാനുസരണം ലഭ്യ മാകുന്ന വീഡിയോ ഓൺ ഡിമാന്റ് സംവിധാനവും നടപ്പാക്കിയിട്ടുണ്ടെന്നും ഇത് സാധ്യമാക്കിയ നിയമസഭാ സെക്രട്ടേറിയറ്റിലെ ഐ.ടി., ഇലക്ട്രോണിക്സ് വിഭാഗങ്ങളിലെയും സേവനാവകാശ ബില്ലിന് നോട്ട് തയ്യാറാക്കിയ റിസർച്ച് വിഭാഗത്തിലെ ജീവനക്കാരെയും അഭിനന്ദിക്കുന്നുവെന്നും നിയമസഭാ സമ്മേളനം ആരംഭിക്കുമ്പോഴും അവ സാനിക്കുമ്പോഴും ദേശീയഗാനം ആലപിക്കുന്ന രീതി ഈ സമ്മേളനത്തോടെ

ആരംഭിച്ചിട്ടുണ്ടെന്നും അറിയിക്കുകയും എല്ലാവർക്കും ഹൃദ്യമായ പുതുവർഷവും ഓണം, റംസാൻ ആശംസകളും നേരുകയും ചെയ്തു.

(സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 11.37-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * * * * * * * * * * * * *